(ബി) പ്രസ്തുത സ്ഥാപനം ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ വാഗമണിൽ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ ആരംഭിച്ചുവെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിലുള്ള ഏതെല്ലാം പുതിയ സ്ഥാപനങ്ങളും പദ്ധതികളുമാണ് ഈ സർക്കാർ കേരളത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ – ഡി) ഇങ്ങനെ ഒരു സ്ഥാപനം ആരംഭിക്കുന്ന കാര്യം ടൂറിസം വകുപ്പിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല. എന്നാൽ വാഗമണിൽ ഒരു ആയുർവേദ റിസോർട്ടും ഹെർബൽ ഗാർഡനും നിർമ്മിക്കുന്നതിന് 10 കോടി രൂപ കേന്ദ്ര സഹായം ബഹുമാനപ്പെട്ട കേന്ദ്ര ടൂറിസം മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

ടൂറിസം വകുപ്പിലെ പരസ്യ ഏജൻസികളുടെ പ്രവർത്തനം

58 [736] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ എന്നിവർ കഴിഞ്ഞ രണ്ട് വർഷം ടൂറിസവുമായി ബന്ധപ്പെട്ട് എത്ര വിദേശയാത്രകൾ നടത്തിയിട്ടുണ്ട് ; ഓരോ യാത്രയ്ക്കും ചെലവായ തുക, വിമാനക്കൂലി, ടി.എ., ഡി.എ., മറ്റ് ചെലവുകൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ടൂറിസം വകുപ്പിലെ പരസ്യ ഏജൻസികളുടെ പ്രവർത്തനം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ക്രമക്കേടുകൾ ആണ് കണ്ടെത്തിയത് ;

(സി) ടൂറിസം വകുപ്പിൽ നിന്നും സ്റ്റാർക്ക് എന്ന പരസ്യ ഏജൻസിക്ക് കഴിഞ്ഞ പത്ത് വർഷമായി വിവിധ ജോലികൾക്കായി ആകെ നൽകിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ എന്നിവർ കഴിഞ്ഞ രണ്ട് വർഷം ടൂറിസവുമായി ബന്ധപ്പെട്ട് നടത്തിയ വിദേശയാത്രകളുടെ വിശദവിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. †

(ബി) ടൂറിസം വകുപ്പിലെ പരസ്യ ഏജൻസികളുടെ പ്രവർത്തനം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയിട്ടില്ല.

(സി) കഴിഞ്ഞ പത്ത് വർഷങ്ങളിൽ 'സ്റ്റാർക്ക്' എന്ന പരസ്യകമ്പനി വഴി നടത്തിയ പരസ്യപ്രചാരണം സംബന്ധിച്ച വിവിധ ജോലികൾക്ക് നൽകിയ തുകയിൽ പ്രസ്തുത ഏജൻസിക്ക് ലഭിച്ച തുക 6,79,07,872 രൂപയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly